


*കോഴയായി നൽകിയ കോടിയുടെ കറൻസികളുമായി പാർലമെന്റ് അംഗങ്ങൾ*

# എല്ലാവരും ജയിച്ച കളിയിൽ തോറ്റത് ജനാധിപത്യം

രാജ്യത്തിന്റെ സ്വാതന്ത്ര്യവും ആത്മാഭിമാനവും സമ്പത്തും അടിയറവെക്കുന്ന ഒരു ഭസ്മാസുര കരാറിന് വേണ്ടിയാണ് സോണിയ - മൻമോഹൻ ടീം നാലുവർഷം രണ്ട് മാസമായി തുടരുന്ന ഇടതുപിന്തുണ തട്ടിമാറ്റി സകലമാന വഞ്ചകരെയും വില കൊടുത്തുവാങ്ങി പാർലമെന്ററി ജനാധിപത്യത്തെ അറുകൊല ചെയ്തിരിക്കുന്നത്. ഇതിന് ചുക്കാൻ പിടിച്ച നമ്മുടെ പ്രധാനമന്ത്രിക്ക് ചരിത്രം സമ്മാനിക്കുന്ന പേർ ഒരുവേള ഇങ്ങനെയാവും; സർദാർ മൻമോഹൻസിംഗ് യാങ്കിവാല!

കവർസ്റ്റോറി ● എ.ആർ

**അവസാന** നിമിഷം വരെ രാജ്യത്തെ സന്ദിഗ്ധതയുടെ മുൾമുനയിൽ നിർത്തിയ ശേഷം 256നെതിരെ 275 വോട്ടുകളോടെ ഡോ. മൻമോഹൻ സിംഗിന്റെ യു.പി.എ സർക്കാർ വിശ്വാസവോട്ട് നേടി കാലാവധി തികക്കാനുള്ള സാങ്കേതിക സാധ്യത തരപ്പെടുത്തിയിരിക്കുന്നു. പണപ്പെരുപ്പവും വിലക്കയറ്റവും മാനം മുട്ടിനിൽക്കുന്ന പ്രതികൂല സാഹചര്യത്തിൽ പെട്ടെന്നൊരു തെരഞ്ഞെടുപ്പിലേക്ക് എടുത്തെറിയപ്പെട്ടില്ലെന്നതാണ് ഇത് ഭരണപക്ഷത്തിന് നൽകുന്ന ആശ്വാസം. പിന്തുണ പിൻവലിച്ച ഇടതുപക്ഷത്തിന് ബി.എസ്.പി മേധാവിയും യു.പി മുഖ്യമന്ത്രിയുമായ മായാവതിയെ മുമ്പിൽ നിർത്തി ഒരു മൂന്നാം മുന്നണി തട്ടിക്കൂട്ടാനുള്ള സാവകാശവും ഇത് നൽകുന്നു. പ്രതിപക്ഷത്തിരിക്കുന്ന എൻ.ഡി.എക്കാവട്ടെ ആണവകരാർ എവ്വിധവും മൻമോഹൻ സർക്കാർ ഒപ്പിട്ട് കിട്ടിയാൽ അതിന്റെ പാപഭാരം പേറാതെ തന്നെ, അടുത്ത ഊഴം തങ്ങളുടേതാണെങ്കിൽ അമേരിക്ക-ഇസ്രയേൽ സഖ്യത്തിലെ കണ്ണിയായി ആഹ്ലാദപൂർവം മുന്നോട്ടുപോവാനുള്ള അവ

സരവും ഇതൊരുക്കുന്നു. രാജ്യത്തെ കുത്തകകളെ സംബന്ധിച്ചേടത്തോളം ഇതിലും മികച്ച സുവർണാവസരം അവർ കിനാവ് കണ്ടതല്ല. പ്രധാനമന്ത്രിയുടെ ഓഫീസിൽ വരെ കടന്നു കയറി വ്യവസായ കിടമത്സര പാതയിലെ മുള്ളു മുരട് കാഞ്ഞിരകുറ്റികളടക്കം പിഴുതെറിഞ്ഞ് എക്സ്പ്രസ് വേഗത്തിൽ കുതികുതിക്കാനുള്ള സന്ദർഭമാണ് അംബാനിയുടെ സ്വന്തം അമർസിംഗ് പ്രദാനം ചെയ്തത്. അങ്ങനെ എല്ലാവരും ജയിച്ച കളിയിൽ പിന്നെ തോറ്റതാരാണ്? സംശയമില്ല, ആറ് പതിറ്റാണ്ടുകാലമായി രാജ്യം കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കുന്ന പാർലമെന്ററി ജനാധിപത്യ വ്യവസ്ഥതന്നെ.

രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനും ആവശ്യങ്ങൾ നിറവേറ്റാനും സമാധാനപൂർണവും ഐശ്വര്യദായകവുമായ ഒരിന്ത്യ കെട്ടിപ്പടുക്കാനുമായി ജനങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികൾ, സഭയിൽ ചോദ്യങ്ങൾ ചോദിക്കാൻ പോലും കോഴ വാങ്ങി നാറ്റിയ കഥ അവർ ഓർക്കാതെയല്ല. പ്രതിരോധത്തിന്റെ മറവിൽ ബോഫേഴ്സ് തോക്ക് ഇറക്കുമതി മുതൽ ശവപ്പെട്ടി കരാർ വരെ കോഴയിൽ മുക്കി നാണം കെടുത്തിയതും പരമോന്നത നിയമനിർമാണസഭയിലെ ബഹുമാനപ്പെട്ടവരാണെന്ന സത്യവും ജനങ്ങൾക്കറിയാം. തെഹൽക സംഭവത്തിലൂടെ മുഖം നഷ്ടപ്പെട്ടവരാണ് ഇപ്പോഴും ദേശീയ രാഷ്ട്രീയത്തിന്റെ തലപ്പത്തിരിക്കുന്നതെന്നും അവർ നോക്കിക്കാണുന്നു. എന്നാൽ ഈ വക 'അല്ലറ ചില്ലറ' തിരിമറികളെയൊക്കെയും നിഷ്പ്രഭമാക്കിക്കൊണ്ടാണ് മൻമോഹൻ സിംഗിൽ ലോക്സഭയുടെ വിശ്വാസവോട്ടുറപ്പാക്കാൻ അമേരിക്കയുടെയും കോർപറേറ്റുകളുടെയും മുതൽമുടക്കോടെ എം.പി മാർക്കറ്റിൽ അരങ്ങേറിയ അത്യന്തം ലജ്ജാകരമായ കുതിരക്കച്ചവടം. 25 മുതൽ 100 വരെ കോടി രൂപയുടെ ലേലം നടന്ന കൂറുമാറ്റ ഇടപാടുകൾ, വിശ്വാസവോട്ട് ചർച്ചയുടെ രണ്ടാം നാളിൽ ലോക്സഭയിൽ കോടിയുടെ കറൻസി പരസ്യമായി പ്രദർശിപ്പിക്കപ്പെട്ട കലാശക്കളിയോടെ പാർലമെന്ററി ജനാധിപത്യ ചരിത്രത്തിൽ പുതിയൊരു അധ്യായം എഴുതിച്ചേർക്കുകയായിരുന്നു. സമാജ് വാദി പാർട്ടി ജനറൽ സെക്രട്ടറി അമർസിംഗും കോൺഗ്രസ് നേതാവ് അഹ്മദ് പട്ടേലും മൂന്നു കോടി രൂപ വീതം ഓഫർ ചെയ്ത് മൂന്ന് ബി.ജെ.പി എം.പിമാരെ ചാക്കിടാൻ ശ്രമിച്ചെന്നും അതിന് അഡ്വാൻസായി കിട്ടിയ ഒരു കോടിയാണ് സഭയിൽ ഹാജരാക്കുന്നതെന്നും പറഞ്ഞാണ് അശോക് അർഗൽ, മഹാവീർ ബഗോഡ, ഫഗൻ സിംഗ് എന്നിവർ വിശ്വാസവോട്ടെടുപ്പിന് മണിക്കൂറുകൾ മുമ്പ് സഭയെ സ്തബ്ധരാക്കിയത്. തുടർന്നുണ്ടായ ബഹളമൊതുക്കാൻ സ്പീക്കർ ഉറപ്പ് നൽകിയ അന്വേഷണം ആരംഭിച്ചിട്ടേയുള്ളൂ. സർക്കാറിനെ അപകീർത്തിപ്പെടുത്താൻ ബി.ജെ.പി മെനഞ്ഞെടുത്ത നാടകമാണിതെന്നാണ് കോൺഗ്രസ്സിന്റെ പ്രതികരണം. പക്ഷേ, ഇടപാടിന്റെ ദൃശ്യങ്ങൾ *സി.എൻ.എൻ-ഐ.ബി.എൻ* ചാനൽ പകർത്തിയതിന്റെ ടാപ്പുകൾ ലഭ്യമായിരിക്കെ സത്യാവസ്ഥ പുറത്തുവരാൻ ഏറെ കാത്തിരിക്കേണ്ടിവരില്ലെന്നാണ് കരുതേണ്ടത്. ഇതൊന്നുമില്ലെങ്കിലും കൊടും ക്രിമിനലായ ഷിബു സോറൻ പ്രഭൃതികൾക്ക് കേന്ദ്രമന്ത്രി പദവി വരെ ഓഫർ ചെയ്തും ബിസിനസ് സാമ്രാജ്യാധിപതി അമർസിംഗിന്റെ എല്ലാ അവിഹിതാവശ്യങ്ങൾക്കും വഴങ്ങിയും അജിത് സിംഗിനെ വശത്താക്കാൻ ലഖ്നൗ വിമാനത്താവളത്തിന് രായ്ക്കുരാമാനം ചരൺ സിംഗിന്റെ പേര് നൽകിയും മറ്റു പലവിധ നാണം കെട്ട കള്ളക്കളിയിലൂടെയും നേടിയെടുത്ത ഭൂരിപക്ഷം, ധാർമികതയുടെ ലാഞ്ഛന പോലും ഇല്ലാത്തതാണെന്ന് തീർച്ച. ഭരണപക്ഷത്തിന്റെ അധാർമികവൃത്തികളെ നേരിടാൻ പ്രതിപക്ഷവും ഇറങ്ങിക്കളിച്ചിട്ടുണ്ടെന്നാണ് ഏറിവന്നാൽ ഉന്നയിക്കാവുന്ന മറുന്യായം. ഇരുപക്ഷവും ചേർന്ന് പാർലമെന്ററി ജനാധിപത്യത്തെ കൂട്ട ബലാത്സംഗം ചെയ്തു എന്നല്ലാതെ മറ്റെന്താണിതിനർഥം? അച്ചടക്കത്തിന്റെ കുത്തക അവകാശപ്പെടുന്ന ബി.ജെ.പി, ചോർച്ച തടയാൻ എൽ.കെ അദ്വാനിയുടെ ഒടുവിലത്തെ തിരുവത്താഴം അടക്കം സമസ്ത പ്രയോഗങ്ങളും നടത്തിയിട്ടും എട്ട് എം.പിമാർ മറുകണ്ടം ചാടി. മൊത്തം എൻ.ഡി.എയുടെ 14 പേർ കളംമാറിച്ചവിട്ടി. സംഘ്പരിവാറിന്റെ മലയാള പത്രം വിശ്വാസ വോട്ടെടുപ്പ് വാർത്തക്ക് നൽകിയ തലക്കെട്ട് 'പണാധിപത്യം' എന്നാണ്. ആ പണാധിപത്യത്തിന് ഏറ്റവും വലിയ സംഭാവന അർപ്പിച്ചത് ബി.ജെ.പി തന്നെയാണെന്ന തിക്ത യാഥാർഥ്യത്തെ ഹിന്ദുത്വ കൂട്ടായ്മ എങ്ങനെ വ്യാഖ്യാനിക്കും?

ഇനി പ്രത്യയശാസ്ത്ര പ്രതിബദ്ധതയുടെയും സുശിക്ഷിതത്വത്തിന്റെയും മൂർത്തീമദ്ഭാവങ്ങളായി ചമയുന്ന കമ്യൂണിസ്റ്റുകാരുടെ കഥയോ? നാല് പതിറ്റാണ്ടുകാലമായി പത്തു തവണ ലോക്സഭയിലെത്തിയ മുതിർന്ന സി.പി.ഐ(എം) നേതാവും പ്രഗത്ഭനായ പാർലമെന്റേറിയനുമാണ് സോമനാഥ് ചാറ്റർജി. അദ്ദേഹത്തെ അദ്ദേഹമാക്കിയത് പാർട്ടിയാണ്. അവസരം വന്നപ്പോൾ ലോക്സഭാ അധ്യക്ഷനാക്കിയതും പാർട്ടി തന്നെ. അങ്ങനെയുള്ള പാർട്ടിയുടെ ആത്മാഭിമാനം പരീക്ഷിക്കപ്പെടുന്ന നിർണായക ചരിത്ര സന്ദർഭത്തിൽ സ്പീക്കർ പദവി ഒഴിഞ്ഞു സംഘടനയോടൊപ്പം നിൽക്കാൻ പോളിറ്റ്ബ്യൂറോ ആവശ്യപ്പെട്ടപ്പോൾ സോമനാഥ് ദാദ മുഖം തിരിച്ചുകളഞ്ഞു. യു.പി.എ സർക്കാരിനു സി.പി.എം നൽകിപ്പോന്ന പിന്തുണ പിൻവലിക്കുന്നതായി രാഷ്ട്രപതിക്ക് സമർപ്പിച്ച രേഖയിൽ ചാറ്റർജിയുടെ പേരും ഉണ്ടായിരുന്നു. സ്പീക്കർ നിഷ്പക്ഷനും പാർട്ടി രഹിതനുമായിരിക്കെ ഈ നടപടി ന്യായമായില്ലെന്നാണ് പറയുന്നത്. പാർട്ടി തെരഞ്ഞെടുത്തയച്ച പാർലമെന്റംഗം പാർട്ടിയിൽനിന്ന് രാജി വെക്കാത്തേടത്തോളം കാലം അതിലെ അംഗം തന്നെയാണ്. പാർട്ടി തീരുമാനം അയാൾക്ക് ബാധകവുമാണ്. അതുകൊണ്ടാണല്ലോ സ്പീക്കർമാർ വീണ്ടും ജനവിധി തേടുമ്പോൾ പാർട്ടി ടിക്കറ്റിൽതന്നെ മത്സരിക്കുന്നത്. സഭാധ്യക്ഷ പദവിയിലിരിക്കുമ്പോൾ നിഷ്പക്ഷനായിരിക്കണമെന്നേ നിയമവും കീഴ്വഴക്കവും നിഷ്ക്കർഷിക്കുന്നുള്ളൂ. ഇത് നന്നായറി

കൊടും ക്രിമിനലായ ഷിബു സോറൻ പ്രഭൃതികൾക്ക് കേന്ദ്രമന്ത്രി പദവി വരെ ഓഫർ ചെയ്തും ബിസിനസ് സാമ്രാജ്യാധിപതി അമർസിംഗിന്റെ എല്ലാ അവിഹിതാവശ്യങ്ങൾക്കും വഴങ്ങിയും അജിത് സിംഗിനെ വശത്താക്കാൻ ലഖ്നൗ വിമാനത്താവളത്തിന് രായ്ക്കുരാമാനം ചരൺ സിംഗിന്റെ പേര് നൽകിയും മറ്റു പലവിധ നാണം കെട്ട കള്ളക്കളിയിലൂടെയും നേടിയെടുത്ത ഭൂരിപക്ഷം, ധാർമികതയുടെ ലാഞ്ഛന പോലും ഇല്ലാത്തതാണെന്ന് തീർച്ച.

യാവുന്ന ചാറ്റർജി വിശ്വാസ വോട്ടെടുപ്പിന്റെ ശേഷമെങ്കിലും പദവി രാജിവെക്കേണ്ടതായിരുന്നു. അത് അദ്ദേഹം നേരത്തെ സമ്മതിക്കുകയും ചെയ്തിരുന്നുവത്രെ. എന്തായാലും പാർട്ടിക്ക് വഴങ്ങാൻ വന്ദ്യവയോധികനായ സോമനാഥ് ചാറ്റർജി തയാറായില്ല. പാർട്ടി അദ്ദേഹത്തെ സാധാരണ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ അടിയന്തരാധികാരം ഉപയോഗിച്ച് പ്രാഥമികാംഗത്വത്തിൽനിന്ന് പുറത്താക്കുകയും ചെയ്തു. ആർജവമുള്ള തീരുമാനം എന്നതിനെക്കുറിച്ച് നിശ്ചയമായും പറയാം. പക്ഷേ, പാർലമെന്ററി വ്യാമോഹം ഏറ്റവും മുതിർന്ന നേതാക്കളെപോലും പിടിയിലൊതുക്കിയാൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗതിയെന്ത്? ഇങ്ങനെയെങ്കിൽ ഒരുവിധ പ്രത്യയശാസ്ത്ര അസ്കൃതകളും അച്ചടക്കത്തിന്റെ ചമ്മട്ടിയും ഇല്ലാത്ത മുസ്‌ലിം ലീഗിലെ ഇ. അഹ്മദ് ജീവിതത്തിൽ ആദ്യമായി (ഒരുവേള അവസാനമായും) കൈവന്ന കേന്ദ്രമന്ത്രിക്കസേര ഉറുപ്പടക്കിപ്പിടിച്ചിരിക്കുന്നതിലെന്ത് അത്ഭുതം?

ദിവസങ്ങളോളം നാടിനെ ആശങ്കയിലാഴ്ത്തുകയും തികച്ചും അപമാനകരമായ പരിണതിയിൽ കലാശിക്കുകയും ചെയ്ത ഈ നാടകങ്ങളൊക്കെയും എന്തിന്റെ പേരിൽ എന്നാലോചിക്കുമ്പോഴാണ് അസ്വാസ്ഥ്യം ഇരട്ടിക്കുന്നത്. ആഗോള പോലീസുകാരൻ അമേരിക്കക്ക് പശ്ചിമേഷ്യയിൽ ഇസ്രയേൽ എന്നപോലെ ദക്ഷിണേഷ്യയിലും വിശ്വസ്തനായ ഒരു സാമന്തനും ഉപകരണവും വേണം. അത് നിശ്ചയമായും 110 കോടി ജനങ്ങളും തുറന്ന മാർക്കറ്റുമുള്ള, ഒട്ടൊക്കെ ചൈനയോട് കിടപിടിക്കാവുന്ന ഇന്ത്യയായിരുന്നാൽ ഏറെ നല്ലത്. പാകിസ്താനെക്കൊണ്ട് സാധിക്കാവുന്നതിനേക്കാൾ അനേകം മടങ്ങാണ് ഇന്ത്യ വഴി നേടാവുന്ന സേവനങ്ങൾ. ഈ അജണ്ട നടപ്പാക്കാൻ അമേരിക്ക തന്നെ പരിശീലിപ്പിച്ചെടുത്ത ധനശാസ്ത്ര വിദഗ്ധൻ മൻമോഹൻ സിംഗിനേക്കാൾ ഉചിതമായ വ്യക്തിത്വം മറ്റില്ലതാനും. ഒരിക്കലും ജനങ്ങളെ അഭിമുഖീകരിച്ച വഴക്കമില്ലാതെ പ്രധാനമന്ത്രിപദവിയിലെത്തിയ അപൂർവ സൗഭാഗ്യവാനാണ് സർദാർജി. കൂട്ടുകാരായ ചിദംബരവും മൊണ്ടേക് സിംഗ് അഹ്‌ലുവാലിയയും യാങ്കി ദാസ്യത്തിൽ ഒരു പടി മുന്നിലും. അങ്ങനെ പിറവിയെടുത്ത ജാരസന്തതിയാണ് അമേരിക്കയുമായി ഒപ്പിട്ട തന്ത്രപരമായ സാമ്പത്തിക സൈനിക സഹകരണ കരാർ. ആ




## കരാറിനെതിരെ ന്യൂദൽഹിയിൽ സിമ്പോസിയം

**ഇന്ത്യ**-അമേരിക്ക ആണവകരാറിനെച്ചൊല്ലി ഇടതുപക്ഷം മൻമോഹൻ സിംഗ് ഗവൺമെന്റിന് പിന്തുണ പിൻവലിച്ച ഉടൻ ഇന്ത്യയിലെ വ്യത്യസ്ത മുസ്‌ലിം കൂട്ടായ്മകൾ കരാറിനെതിരെ ശക്തമായി രംഗത്തുവരികയുണ്ടായി. മനുഷ്യവിരുദ്ധവും ദേശവിരുദ്ധവുമായ കരാറാണിതെന്ന് അവർ വിശേഷിപ്പിച്ചു. 'ആണവകരാറും ദേശതാൽപര്യവും' എന്ന തലക്കെട്ടിൽ ഈ സംഘടനകൾ ന്യൂദൽഹിയിൽ ഒരു സിമ്പോസിയം സംഘടിപ്പിക്കുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമി, ഇന്ത്യൻ നാഷ്നൽ ലീഗ്, ആൾ ഇന്ത്യാ മജ്‌ലിസെ മുശാവറ, മർകസി ജംഇയ്യത്തുൽ ഉലമായേ ഹിന്ദ് എന്നീ സംഘടനകളുടെ പ്രതിനിധികൾ സംബന്ധിച്ചിരുന്നു. പല്ലും നഖവും ഉപയോഗിച്ച് കരാറിനെ എതിർക്കുമെന്നും ഒരു ബഹുജന മുന്നേറ്റം ഇതിനെതിരെ ഉയർത്തിക്കൊണ്ടുവരുമെന്നും സിമ്പോസിയം മുന്നറിയിപ്പ് നൽകി.

"അമേരിക്കയുമായി വിപുലമായ സൈനിക സഖ്യമുണ്ടാക്കുന്നതിനുള്ള ഒരു മറ മാത്രമാണ് ഈ കരാർ. ഇത് ഇന്ത്യയെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കാൽക്കീഴിലാക്കും. ഒരു പ്രത്യേക മതസമൂഹത്തെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല ഇത്. മുഴുവൻ ഇന്ത്യക്കാരുടെയും താൽപര്യമാണ് ഇവിടെ ബലികഴിക്കപ്പെടുന്നത്"- ആൾ ഇന്ത്യാ മജ്‌ലിസെ മുശാവറയുടെ പ്രസിഡന്റ് സഫറുൽ ഇസ്‌ലാം ഖാൻ പറഞ്ഞു. ആണവോർജം ഇന്ത്യയുടെ ഊർജപ്രതിസന്ധിക്ക് പരിഹാരമാവില്ലെന്നും അദ്ദേഹം സമർഥിച്ചു.

കരാറിനെതിരെ രാജ്യത്തെ എല്ലാ സാമ്രാജ്യത്വവിരുദ്ധ ശക്തികളെയും ഒന്നിപ്പിക്കാൻ ശ്രമം നടത്തുകയാണെന്ന് *അഫ്കാറെ മില്ലി* ഉർദു മാസികയുടെ എഡിറ്റർ ഡോ. എസ്.ക്യൂ.ആർ ഇല്യാസ് പറഞ്ഞു. "ഞങ്ങൾ ജനങ്ങളിലേക്കിറങ്ങിച്ചെല്ലുകയും കരാറിന്റെ അപകടങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ചെയ്യും."

കരാർ വിരുദ്ധ പ്രക്ഷോഭത്തിന് സാമുദായിക വർണം നൽകരുതെന്ന് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി മുജ്തബാ ഫാറൂഖ് പറഞ്ഞു. "മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല ഇത്. മുഴുവൻ മനുഷ്യസമൂഹവും അപകടത്തിന്റെ വക്കിലാണ്. പ്രധാനമന്ത്രി ഇന്ത്യയെ വിൽക്കാനാണ് ശ്രമിക്കുന്നത്." അമേരിക്കക്ക് നമ്മുടെ റിയാക്ടറുകൾ നിരീക്ഷിക്കാൻ കരാർ അവസരമൊരുക്കുമെന്ന് ഇന്ത്യൻ നാഷ്നൽ ലീഗ് പ്രസിഡന്റ് മുഹമ്മദ് സുലൈമാൻ അഭിപ്രായപ്പെട്ടു.

ഇടത് പാർട്ടികളെയും മുസ്‌ലിംകളെയും ദലിതുകളെയും പാർശ്വവത്കരിക്കുന്ന കരാറാണിതെന്ന് മുംബൈയിലെ സാമൂഹിക പ്രവർത്തകനായ ഫിറോസ് മിത്തിബോർവാല അഭിപ്രായപ്പെട്ടു. സീമ മുസ്തഫ, ഗോപാൽ റായ്, പ്രഫുൽ കുമാർ, തസ്‌ലീം റഹ്മാനി, ദൽഹി ന്യൂനപക്ഷ കമീഷൻ ചെയർമാൻ കമാൽ ഫാറൂഖി തുടങ്ങിയ നിരവധി പ്രമുഖർ സംബന്ധിച്ചു. ■

കരാറിന്റെ അവിഭാജ്യഘടകമാണ് ഇനി ഒപ്പിടാനുള്ള 1 2 3 ആണവ കരാർ. ഇന്ത്യയുടെ ഊർജാവശ്യങ്ങളാകെ നേരിടാൻ ഈ കരാർ ഉതകുമെന്ന മട്ടിലാണ് ആസ്ഥാന ശാസ്ത്രജ്ഞരെയടക്കം അണിനിരത്തിക്കൊണ്ടുള്ള പ്രോപഗണ്ട. സത്യമോ? മുപ്പത് കൊല്ലമായി അമേരിക്ക ഉപേക്ഷിച്ച ആണവ റിയാക്ടറുകൾ ആ രാജ്യത്തെ ഭീമന്മാർ ഇന്ത്യയിലേക്ക് പറയുന്ന വില നിശ്ചയിച്ച് കയറ്റിവിടും. ഇന്ത്യൻ കുത്തകകൾ ലാഭം കൊയ്യുന്നതൊക്കെയും ഇറക്കുമതി ചെയ്യും. ഇതിനിടയിൽ ശതകോടികൾ കമീഷൻ വകയിൽ രാഷ്ട്രീയക്കാരും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും തട്ടും. അങ്ങനെയൊക്കെ സ്ഥാപിതമാവുന്ന ആണവനിലയങ്ങൾ യൂനിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ ജല വൈദ്യുതിയേക്കാൾ രണ്ടിരട്ടിയും താപവൈദ്യുതിയേക്കാൾ ഒന്നര ഇരട്ടിയും കൂലി വസൂലാക്കും. ചെലവേറിയ വൈദ്യുതിയുടെ വില ശരാശരി ഇന്ത്യക്കാരൻ താങ്ങിക്കൊള്ളും. എന്നിട്ടോ? ഒരു അമേരിക്കൻ സഹായവുമില്ലാതെ ഇന്ത്യ ഇപ്പോൾ തന്നെ ഉൽപാദിപ്പിക്കുന്ന ഊർജാവശ്യങ്ങളുടെ മൂന്ന് ശതമാനം 2016 ആവുമ്പോഴേക്ക് ആറ് ശതമാനമാവും! ബാക്കിയോ, ജലവൈദ്യുതിയിൽനിന്നും താപനിലയങ്ങളിൽനിന്നും തന്നെ ലഭിക്കണം. ഊർജാവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ ഗണ്യമായി പരിഹരിക്കാവുന്ന ബൃഹത്തായ ഇറാൻ പ്രകൃതി വാതക കുഴൽ പദ്ധതി ഇതിന്റെ പേരിൽ ഉപേക്ഷിക്കുകയും വേണം. കാരണം ഇറാനെ അമേരിക്കക്ക് കണ്ടുകൂടാ. കാരണം ഇറാൻ ഇസ്രയേലിന് ഭീഷണിയാണ്. വാതക പദ്ധതി ഉപേക്ഷിച്ചാലും പോരാ, ഇറാനെതിരെ അമേരിക്ക നടപ്പാക്കിയ ഉപരോധവും നടത്താനിരിക്കുന്ന യുദ്ധവും വിജയിപ്പിക്കാൻ ഇന്ത്യ സഹായിക്കണം. അതിന്റെ മുന്നോടിയാണ് ശ്രീഹരിക്കോട്ടയിൽനിന്ന് വിക്ഷേപിച്ച ഇസ്രയേലിന്റെ ഇറാൻ വിരുദ്ധ ചാര ഉപഗ്രഹം. അങ്ങനെ രാജ്യത്തിന്റെ സ്വാതന്ത്ര്യവും ആത്മാഭിമാനവും സമ്പത്തും അടിയറവെക്കുന്ന ഒരു ഭസ്മാസുര കരാറിന് വേണ്ടിയാണ് സോണിയ-മൻമോഹൻ ടീം നാലുവർഷം രണ്ട് മാസമായി തുടരുന്ന ഇടതുപിന്തുണ തട്ടിമാറ്റി സകലമാന വഞ്ചകരെയും വില കൊടുത്തുവാങ്ങി പാർലമെന്ററി ജനാധിപത്യത്തെ അറുകൊല ചെയ്തിരിക്കുന്നത്. ഇതിന് ചുക്കാൻ പിടിച്ച നമ്മുടെ പ്രധാനമന്ത്രിക്ക് ചരിത്രം സമ്മാനിക്കുന്ന പേർ ഒരുവേള ഇങ്ങനെയാവും; സർദാർ മൻമോഹൻസിംഗ് യാങ്കിവാല! ■